# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3455 — 14-03-2017-ൽ മറുപടിക്ക്.

## അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം — മറുപടി

ശ്രീമതി. പി. അയിഷാ പോറ്റി — ശ്രീ പിണറായി വിജയൻ (മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| എ) | സർക്കാർ സേവനങ്ങൾക്കായി അക്ഷയ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കേണ്ട പണം (സർവ്വീസ് ചാർജ്) സമയബന്ധിതമായി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പണം സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പ്/ഏജൻസികളിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ സർവ്വീസ് ചാർജിനത്തിൽ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകുവാനുള്ള തുക വിതരണം ചെയ്യാൻ കഴിയും. |
| ബി) | അക്ഷയ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിന് പ്രത്യേക ഭരണസംവിധാനം നിലവിൽ ഇല്ലാത്തത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; | ബി) | അക്ഷയ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിന് ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി ഭരണസമിതി നിലവിലുണ്ട്. |
| സി) | അക്ഷയയുടെ പേരിനോട് സമാനമായ പേരും ലോഗോയും ഉപയോഗിച്ച് പ്രവർത്തിക്കുന്ന സമാന്തര കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) | അക്ഷയയുടെ പേരും ലോഗോയും നിയമപരമായി ട്രേഡ് മാർക്ക് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം രജിസ്റ്റർ ചെയ്യുന്നതുവഴി അക്ഷയയുടെ പേരും ലോഗോയും ഉപയോഗിച്ച് പ്രവർത്തിക്കുന്ന സമാന്തര കേന്ദ്രങ്ങളെ നിയമപരമായി നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ